പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.5170 | 27/06/2019 ൽ മറുപടി<br>നല്കേണ്ടത്. |

**പച്ചക്കറികളിലെയും പഴങ്ങളിലെയും വിഷാംശം പരിശോധിക്കാനുള്ള സംവിധാനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**,, എസ്.രാജേന്ദ്രൻ**<br>**,, ഒ. ആർ. കേളു**<br>**,, പി.കെ. ശശി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പച്ചക്കറികളിലെയും പഴങ്ങളിലെയും വിഷാംശം, വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിലെ മായം, വിവിധ കറിപൊടികൾ, മുളക്, മല്ലി, മഞ്ഞൾ, ധാന്യപ്പൊടികൾ മുതലായവയിലെ കൃത്രിമ നിറങ്ങൾ തുടങ്ങിയതെല്ലാം ഫലപ്രദമായി പരിശോധിക്കാൻ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പച്ചക്കറികളിലെയും പഴങ്ങളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലബോറട്ടറികളിൽ GC MS MS (Gas Chromatograph Mass Spectrophotometer) എന്ന ആധുനിക ഉപകരണം നിലവിലുണ്ട്.<br>വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിലെ മായം കണ്ടുപിടിക്കുന്നതിന് ആധുനിക രീതിയിലുള്ള ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>വിവിധ കറിപൊടികൾ, മുളക്, മല്ലി, മഞ്ഞൾ, ധാന്യപ്പൊടികൾ മുതലായവയിലെ കൃത്രിമ നിറങ്ങൾ പരിശോധിക്കുന്നതിന് High Performance Liquid Chromatography (HPLC), Paper Chromatography എന്നീ പരിശോധനാ സംവിധാനങ്ങൾ പ്രസ്തുത അനലറ്റിക്കൽ ലബോറട്ടറികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിനായി സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | മൊബൈൽ ലബോറട്ടറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലേയും ഭക്ഷ്യ സുരക്ഷാ സർക്കിളുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനായി മൊബൈൽ ലാബുകളുടെ സേവനം ഉപയോഗിച്ച് വരുന്നു. കൂടാതെ അതിർത്തി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ, മത്സ്യം, വെളിച്ചെണ്ണ തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നുണ്ട്. |
| സി) | ഇത്തരം ലാബുകൾ അതിർത്തി ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ച് പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ അവിടെ വച്ച് തന്നെ പരിശോധിക്കുകയും വിഷാംശം കണ്ടെത്തിയാൽ ഇവ ശേഖരിച്ച സ്ഥലത്തേക്ക് തന്നെ തിരിച്ചയയ്ക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; | സി) | മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ പച്ചക്കറികളിലെ രാസ സാന്നിദ്ധ്യം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ അതിർത്തി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ, മത്സ്യം, വെളിച്ചെണ്ണ തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നുണ്ട്. |
| ഡി) | ഇത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്ത് വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | ഡി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായി നൽകുകയും ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി ക ണ്ടെത്തുന്ന ഭക്ഷ്യവസ്തുക്കൾ വിൽപന നടത്തുന്നവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ചുള്ള അഡ്ജ്യൂഡിക്കേഷൻ/ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ